## പന്ത്രണ്ടാം കേരള നിയമസഭ
### ഒന്നാം സമ്മേളനം
### 2006 ജൂൺ 22-ാം തീയതി വ്യാഴാഴ്ച
### വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
### (ആകെ ചോദ്യങ്ങൾ-27)

84. എല്ലാ നിയോജകമണ്ഡലങ്ങളിലും മാതൃകാ ആശുപത്രി
85. സ്വകാര്യ ആശുപത്രികളുടെ മേൽ നിയന്ത്രണം
86. മത്സ്യബന്ധന ബോട്ടുകൾക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണയും ഡീസലും ലഭ്യമാക്കുന്നതിന് നടപടി
87. കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി
88. നിർദ്ധന രോഗികൾക്ക് ചികിത്സാ സഹായം
89. സംസ്ഥാനത്തിന്റെ വ്യവസായ നയം
90. സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി
91. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു നടപടി
92. അനാഥാലയങ്ങൾ, ധർമ്മസ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവയുടെ പ്രവർത്തനം
93. ആശുപത്രികളിൽ അവശ്യമരുന്നുകളുടെ ലഭ്യത
94. ട്രോളിംഗ് നിരോധനം
95. ട്രാവൻകൂർ ടൈറ്റാനിയം നേരിടുന്ന പ്രതിസന്ധി
96. ചെറുകിട വ്യവസായങ്ങൾക്ക് പ്രോത്സാഹനം
97. ഭക്ഷ്യ സാധനങ്ങളിൽ മായം ചേർക്കൽ
98. നിരാലംബരായ കുട്ടികളെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും പദ്ധതി
99. ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ ആശുപത്രി
100. ബീഡി വ്യവസായ മേഖലയുടെ തകർച്ച
101. മലിനീകരണനിയന്ത്രണ ചട്ടങ്ങൾ
102. കിണറുകളിലെ ജലനിരപ്പ് സംബന്ധിച്ച പഠനം
103. ലോഹമണൽ ലഭ്യമായിട്ടുള്ള തീരപ്രദേശങ്ങൾ
104. സർക്കാർ ആശുപത്രികളിലെ മരുന്നു ദൗർലഭ്യം
105. പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി
106. കരിമണൽ ഖനനത്തിന്റെ സാദ്ധ്യതയെക്കുറിച്ച് പഠനം നടത്തുവാൻ നടപടി
107. മാതൃകാ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ
108. തീരപ്രദേശങ്ങളിലെ കരിമണൽ ഖനനം
109. ട്രോളിംഗ് നിരോധന കാലത്ത് പുറങ്കടലിലെ മത്സ്യബന്ധനം
110. ജപ്പാൻ കുടിവെള്ള പദ്ധതി

## എല്ലാ നിയോജക മണ്ഡലങ്ങളിലും മാതൃകാ ആശുപത്രി

84 ശ്രീ. തോമസ് ചാണ്ടി
,, കെ.ബി. ഗണേഷ്കുമാർ
,, കെ. കെ. ഷാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലേയും ഒരാശുപത്രി മാതൃകാ ആശുപത്രിയാക്കി മാറ്റുമെന്ന പ്രഖ്യാപനം എന്നത്തേയ്ക്ക് നടപ്പിലാക്കുമെന്നറിയിക്കാമോ;

(ബി) ഇവിടെ എന്തെല്ലാം സൗകര്യങ്ങളാണ് കൂടുതലായി ലഭ്യമാക്കുന്നത്;

(സി) ഇതിനായി എന്ത് തുക ചെലവഴിക്കേണ്ടിവരും എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ബഡ്ജറ്റിൽ ഇതിന് ആവശ്യമായ തുക വകകൊള്ളിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

**ഉത്തരം**

**ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) ഘട്ടം ഘട്ടമായി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) നിലവിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ലഭ്യമല്ലാത്ത അടിസ്ഥാന സൗകര്യങ്ങൾ പുതുതായി ഏർപ്പെടുത്തുകയെന്നതാണ് ഉദ്ദേശം.

(സി) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ വഴി ലഭ്യമാകുന്ന 20 ലക്ഷം രൂപ വീതം ഓരോ കമ്യൂണിറ്റി ഹെൽത്ത് സെന്ററിനും ചെലവഴിച്ച് മാതൃകാ ആശുപത്രിയായി ഉയർത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ബഡ്ജറ്റിൽ ഇതിനായി ഈ വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല.

## സ്വകാര്യ ആശുപത്രികളുടെമേൽ നിയന്ത്രണം

85 ശ്രീ. ബി. രാഘവൻ
,, വി. ശിവൻകുട്ടി
,, എസ്. രാജേന്ദ്രൻ
,, സി.എം. ദിനേശ് മണി
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളുടെ മേൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) സ്വകാര്യ ആശുപത്രികളുടെ ചൂഷണത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് നിയമ നിർമ്മാണമടക്കമുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ;

(സി) ആശുപത്രികളിലെ ക്ലിനിക്കൽ പരിശോധനയ്ക്ക് ഏകീകൃത ഫീസ് നിരക്ക് ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ?

**ഉത്തരം**

**ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) ഇല്ല.

(ബി) & (സി) പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## മത്സ്യബന്ധന ബോട്ടുകൾക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണയും ഡീസലും ലഭ്യമാക്കുന്നതിന് നടപടി

86 ശ്രീ. ആനത്തലവട്ടം ആനന്ദൻ
,, കെ.കുഞ്ഞമ്മത് മാസ്റ്റർ
,, ബി. ഡി. ദേവസ്സി
,, വി. ചെന്താമരാക്ഷൻ
,, കെ. സി. കുഞ്ഞിരാമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന ബോട്ടുകൾക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണയും ഡീസലും ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമാണ്;

(ബി) ഈ ആവശ്യത്തിനായി കേന്ദ്രം പ്രത്യേക ക്വാട്ട അനുവദിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇപ്പോഴത്തെ ഡീസൽ വിലവർദ്ധന കൂടി പരിഗണിച്ച് മണ്ണെണ്ണ, ഡീസൽ ക്വാട്ട വർദ്ധിപ്പിച്ചു കിട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എസ്. ശർമ്മ**
**(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) ഫിഷറീസ് വകുപ്പു മുഖേന ഡീസലിനു സബ്സിഡി നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മണ്ണെണ്ണ വിതരണം സംബന്ധിച്ച് ബോട്ടുകളുടെ കാര്യത്തിൽ പദ്ധതികൾ ഒന്നും നിലവിൽ ഇല്ല.

(ബി) & (സി) കേന്ദ്ര സർക്കാരിൽ നിന്നും പ്രത്യേക ക്വാട്ടയൊന്നും അനുവദിക്കുന്നില്ല. എന്നാൽ ഡീസലിന് സബ്സിഡി ലഭ്യമാകുന്നുണ്ട്.

മത്സ്യ മേഖലയ്ക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണ ക്വാട്ട അനുവദിക്കുന്നതിനും ഡീസൽ സബ്സിഡി വർദ്ധിപ്പിക്കുന്നതിനും കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെടുന്നതാണ്.

# കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി

87 ശ്രീ. അൽഫോൺസ് കണ്ണന്താനം
„ പി. വിശ്വൻ
„ എം. പ്രകാശൻ മാസ്റ്റർ
„ സി. എച്ച്. കുഞ്ഞാംബു
„ എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള റിബേറ്റ് കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇപ്പോൾ എന്ത് തുകയാണ് കുടിശ്ശികയായുള്ളത്.

(ഡി) കൈത്തറി വ്യവസായ മേഖലയെ നവീകരിക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

## ശ്രീ. എളമരം കരീം (വ്യവസായ വകുപ്പു മന്ത്രി)

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ കൈത്തറി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്ര ഗ്രാമീണ വികസന പദ്ധതിയായ 'എസ്.ജി.എസ്.വൈ ' പദ്ധതി പ്രകാരം കൈത്തറി നെയ്ത്തുകാർ കേന്ദ്രീകരിച്ചിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ 4000 നെയ്ത്തുകാർക്ക് ഗുണകരമാകുന്ന 14.64 കോടി രൂപയുടെ 'തനിമ' പദ്ധതിയും കണ്ണൂർ ജില്ലയിൽ 3000 പേർക്ക് ഗുണകരമാകുന്ന 11.08 കോടി രൂപയുടെ 'കൃതിക' പദ്ധതിയും തുടങ്ങിക്കഴിഞ്ഞു. ഇതേ പദ്ധതിയിൽ വരുന്ന 1000 നെയ്ത്തുകാർക്ക് വേണ്ടി 3 കോടി രൂപ ചെലവ് വരുന്ന കോഴിക്കോട് ക്രാഫ്റ്റ് ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പദ്ധതി കോഴിക്കോട് ജില്ലയിൽ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ പാലക്കാട്, എറണാകുളം ജില്ലകളിൽ 5000 നെയ്ത്തുകാർക്ക്വേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 12.86 കോടി രൂപയുടെ 'പ്രതിഭ ' പദ്ധതി സർക്കാർ പരിശോധിച്ചു വരികയാണ്. നെയ്ത്തുകാർക്ക് പുതിയ ഡിസൈനുകൾ തയ്യാറാക്കുന്നതിലേക്കായി ബാലരാമപുരത്ത് 70 ലക്ഷം രൂപ ചെലവിൽ പുതിയ ടെക്സ്റ്റൈൽ പ്രോജക്ട് ഡെവലപ്പ്മെന്റ് സെന്റർ ആരംഭിച്ചു കഴിഞ്ഞു. കണ്ണൂർ ജില്ലയെ 'ടൗൺ ഓഫ് എക്സ്പോർട്ട് എക്സലന്റ്സ് ഫോർ ഹാന്റ്ലൂം ' ആക്കുന്നതിനു വേണ്ടിയുള്ള 132 കോടി രൂപയുടെ പെർസ്പെക്ടീവ് പ്ലാൻ കൈത്തറി ഡയറക്ടർ പരിശോധിച്ചു വരികയാണ്.

(സി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള റിബേറ്റ് കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. റിബേറ്റിനത്തിൽ ഇപ്പോൾ ഹാന്റക്സിന് 3.13 കോടി രൂപയും ഹാൻവീവിന് 3.83 കോടി രൂപയും പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് 2.77 കോടി രൂപയും കുടിശ്ശികയുണ്ട്. ആകെ കുടിശ്ശിക 9.73 കോടിരൂപ.

(ഡി) കൈത്തറി വ്യവസായ മേഖലയെ നവീകരിക്കുന്നതിന് വേണ്ടി വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി, പരിശീലന വൈദഗ്ദ്ധ്യ വികസന പരിപാടി, സഹകരണ സംഘങ്ങളിൽ സർക്കാർ ഓഹരി പങ്കാളിത്തം, നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ, ഫാക്ടറി മാതൃകാ സംഘങ്ങളുടെ ആധുനികവൽക്കരണം, ഉല്പ്പന്ന വികസന വൈദഗ്ദ്ധ്യ ഉന്നമന പദ്ധതി, കലാപരമായ കൈത്തറി വസ്തുക്കളുടെ വിപുലീകരണം എന്നീ സംസ്ഥാന പദ്ധതികളും ദീൻദയാൽ ഹാത്കർഗ്ഗ പ്രോത്സാഹൻ യോജന, കയറ്റുമതി ഉല്പന്ന വികസന വിപണന പദ്ധതി എന്നീ കേന്ദ്ര സഹായ പദ്ധതികളും നടപ്പാക്കിവരുന്നു.

## നിർദ്ധന രോഗികൾക്ക് ചികിത്സാ സഹായം

88 ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
ശ്രീ. കെ. ടി. ജലീൽ
,,. വി. ശശികുമാർ
,, എ. സി. മൊയ്തീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഗുരുതരമായ രോഗം മൂലം കഷ്ടപ്പെടുന്ന നിർദ്ധനരായ രോഗികൾക്ക് ചികിത്സാ സഹായം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ ദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതിയ്ക്ക് ആവശ്യമായ ഫണ്ട് എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇതിായി കേന്ദ്ര സർക്കാരിൽ നിന്നും സഹായം പ്രതീക്ഷിക്കുണ്ടോ; എങ്കിൽ ഏതു വിധത്തിലുള്ള സഹായമാണെന്ന് വ്യക്തമാക്കാമോ ?

**<u>ഉ ത്ത ര ം</u>**

**ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ)

നമ്മുടെ സംസ്ഥാനത്ത് നിർദ്ധനരായ രോഗികൾക്ക് ചികിത്സാ സഹായം നൽകുന്ന രണ്ട് പദ്ധതികൾ ഇപ്പോൾ തന്നെ നിലവിലുണ്ട്.

1. " സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു ദി പുവർ " -ൽ നിന്നുള്ള ധനസഹായം.
2. ആരോഗ്യ മന്ത്രിയുടെ ക്ഷേമനിധിയിൽ നിന്നുള്ള ധനസഹായം.

(ബി)

1) കുടുംബ വാർഷികവരുമാനം 24,000 രൂപയിൽ കുറവുള്ളവരും ഹൃദയ ശസ്ത്രക്രിയ, മസ്തിഷ്ക്ക ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ക്യാൻസർ, ചില സുപ്രധാന അസ്ഥി ശസ്ത്രക്രിയകൾ തുടങ്ങിയവയ്ക്ക് വിധേയരാകുന്ന രോഗികൾക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു ദി പുവറിലൂടെ നടപ്പാക്കുന്നത്.

2) സർക്കാർ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന നിർദ്ധനരായ രോഗികൾക്ക് പരമാവധി 2,500 രൂപ വരെ ആരോഗ്യ മന്ത്രിയുടെ ക്ഷേമനിധി പദ്ധതിയിൽ നിന്നും അനുവദിക്കുന്നു.

(സി)

സംസ്ഥാന സർക്കാർ ബജറ്റിൽ വകയിരുത്തുന്ന തുകയാണ് രണ്ട് പദ്ധതിയുടെയും ഫണ്ട്. എന്നാൽ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു ദി പുവറിന് സംസ്ഥാന വിഹിതത്തിന്റെ പകുതി തുക കേന്ദ്ര വിഹിതമായും ലഭിക്കുന്നുണ്ട്.

(ഡി) സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു ദി പുവറിൽ സംസ്ഥാന സർക്കാർ ബജറ്റിൽ വകയിരുത്തുന്ന തുകയുടെ പകുതി കേന്ദ്ര വിഹിതമായി ലഭിക്കുന്നതാണ്.

## സംസ്ഥാനത്തിന്റെ വ്യവസായ നയം

89 ശ്രീ. സാജുപോൾ<br>,, എ.എം. യൂസഫ്<br>,, ബി. രാഘവൻ<br>,, വി. ശിവൻകുട്ടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വ്യവസായ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യവസായ നയം എന്താണ് എന്ന് വ്യക്തമാക്കുമോ ;

(ബി) മുൻ സർക്കാരിന്റെ വ്യവസായ നയവുമായി പുതിയ നയത്തിനുള്ള വ്യത്യാസം എന്തെല്ലാമാണ്;

(സി) സ്വകാര്യ വ്യവസായ സംരംഭകർക്ക് പ്രോൽസാഹനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അത് എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) സംസ്ഥാനത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. എളമരം കരീം (വ്യവസായ വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്തിന്റെ പുതിയ വ്യവസായ നയത്തിന് അന്തിമരൂപം നൽകിയിട്ടില്ല. എന്നിരുന്നാൽത്തന്നെയും പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയവയുടെ പുനരുദ്ധാരണത്തിനും പുനഃക്രമീകരണത്തിനും ഊന്നൽ നൽകിക്കൊണ്ടും പൊതുമേഖലാ വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി ഒറ്റത്തവണ സഹായം വ്യാപിപ്പിക്കുക, സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുക, പുതിയ മൂലധനം ഇറക്കുക, കോർപ്പറേറ്റ് ഗവേർണൻസിന്റെ നിലവാരം മെച്ചപ്പെടുത്തുക, വ്യവസായവൽക്കരണത്തിന് അവശ്യം വേണ്ട ലോകോത്തര നിലവാരമുള്ള ആധുനിക സൗകര്യം ഏർപ്പെടുത്തുക തുടങ്ങിയ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു നയമാണ് വിഭാവനം ചെയ്യുന്നത്.

(ബി) ബാധകമല്ല.

(സി) & (ഡി) ഉണ്ട്. വിശദമായ പദ്ധതികൾ തയ്യാറാക്കിവരുന്നു.

(ഇ) സ്വീകരിക്കുന്നതാണ്.

## സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

90 ശ്രീമതി കെ. എസ്.സലീഖ
ശ്രീ. ടി. പി. കുഞ്ഞുണ്ണി
ശ്രീ.ബാബു എം. പാലിശ്ശേരി
,, കെ. കെ. ദിവാകരൻ
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദീകരിക്കാമോ;

(ബി) സബ് രജിസ്ട്രാർ ഓഫീസ് കേന്ദ്രീകരിച്ച് നടക്കുന്ന ക്രമക്കേടുകൾ തടയാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ഈ ഓഫീസുകൾ കംമ്പ്യൂട്ടർ വൽക്കരിക്കാനുള്ള നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് എന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. എസ്. ശർമ്മ**
**(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നടപടിക്രമങ്ങളുടെ ലഘൂകരണം, മേൽനോട്ട സംവിധാനം ശക്തമാക്കൽ, സേവന പ്രദാന പദ്ധതി, കമ്പ്യൂട്ടർവത്ക്കരണം തുടങ്ങിയ സാധ്യമായ എല്ലാ നടപടികളും ഗവണ്മെന്റ് സ്വീകരിച്ചുവരുന്നു. ജനങ്ങൾക്ക് വേഗത്തിൽ മികച്ച സേവനം നൽകുകയും ജീവനക്കാരുടെ അമിത ജോലിഭാരം കുറയ്ക്കുകയും ചെയ്തുകൊണ്ട് ശാസ്ത്രീയമായി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(ബി) സബ് രജിസ്ട്രാർ ഓഫീസുകളിൽ ക്രമക്കേടുകൾ സംബന്ധിച്ചുള്ള പരാതികൾ വസ്തുനിഷ്ഠമായി പരിശോധിച്ച് കർശന നടപടി സ്വീകരിക്കും. ക്രമക്കേടുകൾ തടയുന്നതിനായി മേൽനോട്ട സംവിധാനം എല്ലാ തലത്തിലും ശക്തിപ്പെടുത്തുക, സുതാര്യത ഉറപ്പുവരുത്തുക, ക്രമക്കേടുകൾക്കുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കുന്നവിധം നടപടിക്രമങ്ങൾ ശാസ്ത്രീയമായി പരിഷ്ക്കരിക്കുക, കമ്പ്യൂട്ടർവത്ക്കരണം വഴി പ്രവർത്തന വേഗത ഉറപ്പാക്കുക തുടങ്ങിയ സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ആകെയുള്ള 308 സബ് രജിസ്ട്രാർ ഓഫീസുകളിൽ 178 എണ്ണം കമ്പ്യൂട്ടർവത്ക്കരിച്ചു. 90 ഓഫീസുകളുടെ കമ്പ്യൂട്ടർവത്ക്കരണ നടപടികൾ അന്തിമ ഘട്ടത്തിലാണ്. അവ പൂർത്തീകരിക്കുന്ന മുറയ്ക്ക് അവശേഷിക്കുന്ന 40 ഓഫീസുകളും കൂടി കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

## കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനു നടപടി

91 ശ്രീ.കെ.വി. അബ്ദുൾഖാദർ
,, എം.എം.മോനായി
,, കെ.കെ.ജയചന്ദ്രൻ
,, കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ജലവിഭവ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇതിനായി ഓരോ ജില്ലയിലും എത്ര തുകവീതം ചെലവഴിക്കാൻ ഉദ്ദേശിക്കുന്നവെന്ന് വ്യക്തമാക്കുമോ;

ഡി) നിലവിലുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാം; ഇവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എൻ. കെ.പ്രേമചന്ദ്രൻ**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി)

സംസ്ഥാനത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ജല അതോറിറ്റി താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

1. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെയുള്ള 83 ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ.
2. 50 % കേന്ദ്ര സഹായത്തോടെയുള്ള 8 ത്വരിത നഗര ശുദ്ധജല വിതരണ പദ്ധതികൾ
3. ടെക്നോളജി മിഷന്റെ കീഴിൽ നടപ്പാക്കിവരുന്ന 9 പദ്ധതികൾ
4. 90 % കേന്ദ്ര സഹായത്തോടെയും 10 % ഉപഭോക്തൃ വിഹിതത്തോടെയും നടപ്പാക്കിവരുന്ന 14 മിനി കുടിവെള്ള പദ്ധതികൾ
5. എൻ.സി./പി.സി വാർഡുകളിലേക്ക് കേന്ദ്ര സഹായത്തോടെ നടപ്പാക്കിവരുന്ന 332 കുടിവെള്ള പദ്ധതികൾ.
6. 90 % കേന്ദ്ര സഹായത്തോടെയും 10 % ഉപഭോക്തൃ വിഹിതത്തോടെയും വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന 2813 മഴവെള്ള ശേഖരണ യൂണിറ്റുകൾ.
7. എൽ.ഐ.സി./ഹഡ്കോ സഹായത്തോടെ നടപ്പാക്കിവരുന്ന 88 കുടിവെള്ള പദ്ധതികൾ.
8. 90 % കേന്ദ്ര സഹായത്തോടെയും 10 % ഉപഭോക്തൃ വിഹിതത്തോടെയും നടപ്പാക്കിവരുന്ന 206 സ്വജൽധാര പദ്ധതികൾ.
9. നബാർഡിന്റെ ലോൺ സഹായത്തോടെയുള്ള 8 പദ്ധതികൾ
10. ബാങ്ക് ലോൺ വഴി 3 പദ്ധതികൾ
11. ജെ.ബി.ഐ.സി.ധനസഹായത്തോടെ നടപ്പാക്കിവരുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ട്.
12. സുനാമി ദുരിതാശ്വാസ പദ്ധതികളിൽ പെടുത്തി ഏഷ്യൻ വികസന ബാങ്ക്, ലോക ബാങ്ക് ധനസഹായത്തോടെയുള്ള 4 പുനരുദ്ധാരണ പദ്ധതികൾ.

സംസ്ഥാനത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി ജലനിധി കുടിവെള്ള ശുചിത്വ പദ്ധതി കേരള റൂറൽ വാട്ടർ സപ്ളൈ ആന്റ് സാനിറ്റേഷൻ ഏജൻസി വഴി നടപ്പാക്കിവരുന്നു.
നിലവിൽ 110 പഞ്ചായത്തുകളിലായി 3620 ജലനിധി കുടിവെള്ള പദ്ധതികൾ നടത്തുന്നുണ്ട്. 10 പഞ്ചായത്തുകളിൽ പ്രത്യേക ഗിരിവർഗ്ഗ കുടിവെള്ള പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. മഴവെള്ള സംഭരണ പ്രചരണ പരിപാടിയുടെ ഭാഗമായി 700 ലധികം മാതൃക മഴവെള്ള സംഭരണികൾ നിർമ്മിച്ചിട്ടുണ്ട്.

(സി) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ കേരള വാട്ടർ അതോറിറ്റിയെ സംബന്ധിച്ചിള്ളത് അനുബന്ധം-1 ആയും ജലനിധിയെ സംബന്ധിച്ചിള്ളത് അനുബന്ധം-2 ആയും ചേർക്കുന്നു.

ഡി) നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നഗര പ്രദേശങ്ങൾക്കായി 65 കുടിവെള്ള പദ്ധതികൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ 952 സമഗ്ര കുടിവെള്ള പദ്ധതികളും 878 ഗ്രാമീണ കുടിവെള്ള പദ്ധതികളും കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. നിർമ്മാണ പ്രവർത്തനത്തിലിരിക്കുന്ന മിക്ക പദ്ധതികളുടെയും പണി ദ്രുതഗതിയിൽ നടക്കുന്നുണ്ട്. എന്നാൽ എൽ. ഐ.സി.യുടെ ധനസഹായത്തോടു കൂടി തുടങ്ങിയ 88 പദ്ധതികളുടെ പണി ഫണ്ടിന്റെ അപര്യാപ്തത മൂലം മന്ദഗതിയിലാണ്.

കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ ഏജൻസി വഴി നടപ്പാക്കുന്ന ജലനിധി കുടിവെള്ള പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള എണ്ണവും പ്രവർത്തന പുരോഗതിയും അനുബന്ധം 3 ആയി ചേർക്കുന്നു.
(അനുബന്ധം 3 നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.)

## അനുബന്ധം 1

## കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ

| ജില്ല | തുക ലക്ഷത്തിൽ |
|---|---|
| 1. തിരുവനന്തപുരം | 53063 |
| 2. കൊല്ലം | 38264 |
| 3. ആലപ്പുഴ | 61461 |
| 4.പത്തനംതിട്ട | 9118 |
| 5. കോട്ടയം | 15242 |
| 6. ഇടുക്കി | 14322 |
| 7. എറണാകുളം | 17749 |
| 8. തൃശൂർ | 17410 |
| 9. പാലക്കാട് | 14954 |
| 10. മലപ്പുറം | 20101 |
| 11. കോഴിക്കോട് | 68690 |
| 12. കണ്ണൂർ | 47062 |
| 13. വയനാട് | 6238 |
| 14. കാസർഗോഡ് | 8819 |

**അനുബന്ധം 2**

**ജലനിധി കുടിവെള്ള പദ്ധതികൾക്കായി ഓരോ ജില്ലയും ഇതുവരെ ചെലവഴിച്ചതും ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതുമായ തുകയുടെ വിവരം**

| ജില്ല | ഇതുവരെ ചെലവഴിച്ച തുക (കോടിയിൽ ) | ഇനി ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക (കോടിയിൽ ) | ആകെ (കോടിയിൽ ) |
|---|---|---|---|
| മലപ്പുറം | 49.60 | 21.63 | 71.23 |
| പാലക്കാട് | 28.57 | 9.95 | 38.52 |
| കോട്ടയം | 2.72 | 3.35 | 6.07 |
| പത്തനംതിട്ട | 2.38 | 1.55 | 3.93 |
| എറണാകുളം | 7.25 | 0.30 | 7.55 |
| ഇടുക്കി | 1.36 | 4.46 | 5.82 |
| തിരുവനന്തപുരം | 2.59 | 1.86 | 4.45 |
| കൊല്ലം | 4.20 | 3.05 | 7.25 |
| വയനാട് | 1.94 | 7.96 | 9.90 |
| കോഴിക്കോട് | 28.27 | 6.42 | 34.69 |
| തൃശൂർ | 16.03 | 15.56 | 31.59 |
| കണ്ണൂർ | 3.35 | 6.57 | 9.92 |
| കാസർഗോഡ് | 2.09 | 4.97 | 7.06 |
| ആകെ | 150.35 | 87.63 | 237.98 |

## അനാഥാലയങ്ങൾ, ധർമ്മസ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവയുടെ പ്രവർത്തനം

92 ശ്രീ.എം.ഹംസ
ശ്രീ.വി.ജെ.തങ്കപ്പൻ
,, കെ.സി.രാജഗോപാലൻ
,, ബാബു എം.പാലിശ്ശേരി
,, സി.എം.ദിനേശ് മണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങൾ, ധർമ്മസ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവയുടെ പ്രവർത്തനത്തിന് സർക്കാരിന്റെ അംഗീകാരം ആവശ്യമുണ്ടോ ;

(ബി) ഇവയുടെ പ്രവർത്തനം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

(സി) ഈ സ്ഥാപനങ്ങൾക്ക് സർക്കാരിൽ നിന്നും ഗ്രാന്റ് അനുവദിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ മാനദണ്ഡം എന്താണ് ;

(ഡി) തൃപ്തികരമായി പ്രവർത്തിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ സർക്കാർ നടപടി സ്വീകരിക്കുമോ ;

(ഇ) അംഗീകാരം ഇല്ലാതെ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ അടച്ചു പൂട്ടാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) അനാഥാലയങ്ങൾ, ധർമ്മസ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവ തുടങ്ങുന്നതിന് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം ആവശ്യമാണ്.

(ബി) ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് ആൻറ് അദർ ചാരിറ്റബിൾ ഹോംസ് കേരള എന്ന സ്ഥാപനം സംസ്ഥാനത്ത് അനാഥാലയങ്ങളുടെയും മറ്റു ധർമ്മസ്ഥാപനങ്ങളുടെയും പ്രവർത്തനം പരിശോധിക്കുകയും അംഗീകാരം നൽകിവരികയും ചെയ്തുവരുന്നു.

(സി) ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകിയിട്ടുള്ളതും സർക്കാർ അനുമതി നൽകിയിട്ടുള്ളതുമായ സ്ഥാപനങ്ങൾക്കാണ് ഗ്രാന്റ് നൽകുന്നത്. ഗ്രാന്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നു :

1. ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിരിക്കണം.
2. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം വേണം.
3. അന്തേവാസികൾക്ക് ഗ്രാന്റിന് അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് വേണം.
4. അന്തേവാസികൾ അനാഥരോ അഗതികളോ ആയിരിക്കണം.
5. അഗതികളാണെങ്കിൽ രക്ഷാകർത്താവിന്റെ വാർഷികവരുമാനം 11,000 രൂപയിൽ താഴെയായിരിക്കണം.
6. അഗതികളാണെങ്കിൽ വില്ലേജോഫീസറിൽ നിന്നുള്ള ഡെസ്റ്റിറ്റ്യൂട്ട് സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.
7. സർക്കാർ/എയിഡഡ് സ്കൂളുകളിൽച്ചേർത്ത് കുട്ടികൾക്ക് വിദ്യാഭ്യാസം നൽകണം.
8. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഗ്രാന്റാണ് നടപ്പു സാമ്പത്തിക വർഷം നൽകുന്നത്.

9. ഗ്രാന്റിനായി സ്ഥാപനം നിശ്ചിത ഫോറത്തിൽ അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർക്ക് നൽകണം.
10. ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ ഓർഫനേജ് സന്ദർശിച്ച് പരിശോധന നടത്തി അർഹതയുള്ള കുട്ടികൾക്ക് താമസകാലം കണക്കാക്കി ഗ്രാന്റ് നിശ്ചയിച്ച് ബന്ധപ്പെട്ട അർഹത സർട്ടിഫിക്കറ്റ് സഹിതം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നു. അർഹത സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാന്റ്തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകുന്നു.

(ഡി) & (ഇ) } നടപടി സ്വീകരിക്കുന്നതാണ്.

## ആശുപത്രികളിൽ അവശ്യമരുന്നുകളുടെ ലഭ്യത

93 ശ്രീ.എ.എം.ആരിഫ്
ശ്രീമതി പി.അയിഷാ പോറ്റി
ശ്രീ. വി.എൻ.വാസവൻ
ശ്രീമതി കെ.കെ.ലതിക
ശ്രീ.കെ.വി.കുഞ്ഞിരാമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് നിലവിലുള്ള നടപടിക്രമം എന്താണ് എന്ന് വ്യക്തമാക്കുമോ ; ഇതിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) മരുന്നുവാങ്ങുന്ന നടപടി ക്രമങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുമോ ;

(സി) ആശുപത്രികളിൽ അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുമോ ;

(ഡി) മരുന്നുകൾ കാലഹരണപ്പെടാതെ ഉപയോഗിക്കുന്നതിനുള്ള സംവിധാനം എന്താണ് ; കാലാവധി കഴിഞ്ഞ എത്ര രൂപയുടെ മരുന്ന് കഴിഞ്ഞ വർഷം നശിപ്പിക്കേണ്ടി വന്നു എന്ന് വ്യക്തമാക്കാമോ ?

**ഉത്തരം:- ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)**

(എ) & (ബി) സെൻട്രൽ പർച്ചേസ് കമ്മിറ്റി മുഖേന, സർക്കാർ നിശ്ചയിച്ചിട്ടുള്ള നടപടി ക്രമങ്ങൾക്ക് അനുസരണമായിട്ടാണ് ഇപ്പോൾ മരുന്നുകൾ വാങ്ങുന്നത്. നിലവിലുള്ള നടപടിക്രമം പരിശോധിച്ച് ആവശ്യമായ മാറ്റം വരുത്തുന്നതാണ്.

(സി) അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതാണ്.

(ഡി) മരുന്നുകളുടെ കാലാവധി തീരുന്നതിന് ആറുമാസമെങ്കിലും മുൻപായി മരുന്ന് ആവശ്യമുള്ള മറ്റ് സ്ഥാപനങ്ങളിലേക്ക് ആവശ്യമനുസരിച്ച് മരുന്നുകൾ ട്രാൻസ്ഫർ ചെയ്യുവാനുള്ള നിർദ്ദേശം എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നൽകിയിട്ടുണ്ട്. കൂടാതെ ഫാർമസിസ്റ്റ്മാരുടെ മാസം തോറുമുള്ള കോൺഫറൻസിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും ആവശ്യമുള്ള സ്ഥാപനങ്ങളിലേക്ക് മരുന്നുകൾ വാങ്ങുവാൻ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്.

കാലാവധി തീർന്നതിനാൽ ഉപയോഗമില്ലാത്ത മരുന്നുകൾ നശിപ്പിക്കുന്നതിന് ജില്ലാ സ്ററാഗേഷൻ കമ്മിറ്റി തീരുമാനപ്രകാരം കഴിഞ്ഞവർഷം മലപ്പുറം ജില്ലയിൽ 72,580/- രൂപയുടെ മരുന്നുകൾ നശിപ്പിച്ചിട്ടുണ്ട്.

## ട്രോളിംഗ് നിരോധനം

94 ശ്രീ. സി. ടി. അഹമ്മദ് അലി
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
ശ്രീ. പി. കെ. അബ്ദുറബ്ബ്
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് വേണ്ടി ജൂൺ ജൂലൈ മാസങ്ങളിൽ നാല്പത്തി അഞ്ച് ദിവസത്തെ കാലയളവിലേക്ക് പ്രാബല്യത്തിൽ വന്ന ആഴക്കടൽ മത്സ്യബന്ധന നിരോധനം ഉദ്ദേശിക്കുന്ന ഫലത്തിന് പര്യാപ്തമാണോ അതോടി കാലയളവ് അധികമാണോയെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഈ പരിശോധന നടത്തുന്നത് ആരാണ് ;

(ബി) ഓരോ വർഷവും മത്സ്യബന്ധന നിരോധനത്തെ സംബന്ധിച്ച് കാലയളവ് പുന:പരിശോധിക്കുന്ന സംവിധാനം നിലവിലുണ്ടോ ;

(സി) ഇതോടൊപ്പം മത്സ്യത്തൊഴിലാളികളുടെ തൊഴിൽ നഷ്ടവും കണക്കിലെടുക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം:- ശ്രീ. എസ്. ശർമ്മ**
**(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)**

(എ) ആഴക്കടൽ മത്സ്യ ബന്ധന നിരോധനം കേന്ദ്രസർക്കാരാണ് നടപ്പിലാക്കുന്നത്. ബാലകൃഷ്ണൻ നായർ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് കേരളതീരത്ത് 1988 മുതൽ ട്രോളിംഗ് നിരോധനം നടപ്പിലാക്കി വരുന്നത്. ഇതിന്റെ പാർശ്വ ഫലങ്ങളെ സംബന്ധിച്ച് പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിക്കാൻ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.

(ബി) ഇല്ല

(സി) ഉണ്ട്

## ട്രാവൻകൂർ ടൈറ്റാനിയം നേരിടുന്ന പ്രതിസന്ധി

95 ശ്രീ. വി. ചെന്താമരാക്ഷൻ
,, വി.ജെ. തങ്കപ്പൻ
,, ആർ. സെൽവരാജ്
,, മുരളി പെരുനെല്ലി
,, എം. എം. മോനായി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം ഫാക്ടറി നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫാക്ടറിയിലെ മലിനീകരണ നിയന്ത്രണ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) മലിനീകരണം സംബന്ധിച്ച് നിലവിലുള്ള പരാതികൾ പരിഹരിക്കുന്നതിനും ഫാക്ടറി സുഗമമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ സാഹചര്യം ഒരുക്കുന്ന തിനും നടപടി സ്വീകരിക്കുമോ?

**ഉത്തരം:– ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പു മന്ത്രി)**

(എ) ഉണ്ട്.

(ബി) & (സി) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയുടെ മലിനീകരണ നിയന്ത്രണം, വികസനം, വൈവിധ്യവൽക്കരണം എന്നിവയെല്ലാം ലക്ഷ്യമാക്കി, രണ്ട് ഘട്ടങ്ങളിലായി മൊത്തം 256.1 കോടി രൂപ ചെലവിൽ ഒരു ബൃഹത്തായ പദ്ധതിയുടെ നടപ്പാക്ക ലിന് 19..5..05 ലെ ജി.ഒ.(എം.എസ്)51/05/ഐ.ഡി എന്ന ഉത്തരവ് പ്രകാരം ഗവൺമെന്റ് ഭരണാനുമതി നൽകിക്കഴിഞ്ഞു. മൊത്തം 36 മാസത്തിനുള്ളിൽ നട പ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിക്ക് 1–ാം ഘട്ടത്തിൽ 129.4 കോടി രൂപയു ടേയും 2–ാം ഘട്ടത്തിൽ 126.7 കോടി രൂപയുടേയും ചെലവ് പ്രതീക്ഷിക്കുന്നു. മലി നീകരണ നിയന്ത്രണത്തിനായി ആസിഡ് റിക്കവറി, കോപ്പറാസ് റിക്കവറി, ന്യൂട്ര ലൈസേഷൻ എന്നിങ്ങനെ മൂന്ന് പ്ലാന്റുകൾ പ്രസ്തുത പദ്ധതി പ്രകാരം കമ്പനി യിൽ സ്ഥാപിക്കപ്പെടും.

(ഡി) സ്വീകരിച്ചു വരുന്നു.

## ചെറുകിട വ്യവസായങ്ങൾക്ക് പ്രോത്സാഹനം

96 ശ്രീ. പി.ടി.എ. റഹിം
,, രാജു എബ്രഹാം
,, എസ്. രാജേന്ദ്രൻ
,, എം. എന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നവർക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകുന്നത്;

(ബി) ഏതെങ്കിലും മേഖലയിലുള്ള വ്യവസായങ്ങൾക്ക് പ്രത്യേക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ചെറുകിട വ്യവസായങ്ങളെ പ്രോൽസാഹി പ്പിക്കുന്നതിന് വ്യവസായ പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**ഉത്തരം:- ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പു മന്ത്രി)**

(എ) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നവർക്ക് നൽകാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ആനുകൂല്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) പരമ്പരാഗത വ്യവസായ മേഖലയിലുള്ള ബീഡി, കയർ, കൈത്തറി, കശുവണ്ടി, മുള, ഈറ, കരകൗശലം തുടങ്ങിയവ സംരക്ഷിച്ച് നിലനിർത്തുന്നതിന് സഹായകരമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) ഉദ്ദേശിക്കുന്നുണ്ട്. വിശദാംശങ്ങൾ തയ്യാറാക്കിവരുന്നു.

അനുബന്ധം

ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ

1. സംസ്ഥാന മൂലധന നിക്ഷേപ സബ്സിഡി
2. മാർജിൻമണി വായ്പ
3. സാങ്കേതിക വിദ്യാ വികസന നിധി
4. വിപണന പദ്ധതി/വിപണന പ്രചോദനം
5. പ്രധാനമന്ത്രിയുടെ സ്വയംതൊഴിൽ പദ്ധതി
6. വ്യവസായം തുടങ്ങുന്നതിന് വികസിപ്പിച്ചെടുത്ത സ്ഥലവും കെട്ടിടവും
7. ലൈസൻസുകളും ക്ലിയറൻസുകളും വേഗത്തിൽ ലഭ്യമാക്കുന്നതിന് ഗ്രീൻചാനൽ കൗണ്ടറും ഏകജാലക ക്ലിയറൻസ് ബോർഡും
8. എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റുകൾ
9. വ്യവസായം തുടങ്ങുന്നതിനാവശ്യമായ സാങ്കേതിക വിവരങ്ങളും മറ്റ് നിർദ്ദേശങ്ങളും നൽകുവാൻ ഉദ്ദേശിച്ചുള്ള പ്രൊഫിഷ്യൻസി ഇന്റർഫേസ് സെല്ലുകൾ നിലവിലുണ്ട്.
10. വ്യവസായ സംരംഭകത്വ വികസന പരിശീലനം/തൊഴിലധിഷ്ഠിത പരിശീലനങ്ങൾ നൽകുന്നു
11. വ്യവസായ സംരംഭകർ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടുകൾക്ക് സാദ്ധ്യതാ റിപ്പോർട്ടുകൾ തയ്യാറാക്കി ധനകാര്യ സ്ഥാപനങ്ങൾക്ക് പദ്ധതികൾ ശുപാർശ ചെയ്യുന്നു.

12. കലാലയങ്ങളിലും സാങ്കേതിക വിദ്യാ സ്ഥാപനങ്ങളിലും വ്യവസായ സംരംഭകത്വ വികസന ക്ലബ്ബുകൾ പ്രവർത്തിക്കുന്നു.
13. ഗവേഷണ വികസന കേന്ദ്രങ്ങൾ, ഗവേഷണ ലബോറട്ടറികൾ എന്നിവയിൽനിന്നുള്ള സാങ്കേതികജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു.
14. വ്യവസായ സഹകരണ മേഖലയ്ക്കും കരകൗശലമേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ
15. പരിശീലനം ലഭിച്ച ക്ലസ്റ്റർ വികസന ഏജന്റുമാരുടെ സേവനവും ക്ലസ്റ്റർ വികസനവും സാദ്ധ്യമാക്കൽ
16. പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായിക്കുന്നു.
17. വ്യവസായിക ആവശ്യത്തിനുള്ള തദ്ദേശസ്വയംഭരണ/സംസ്ഥാന സർക്കാർ സ്ഥലം  മുൻഗണനാടിസ്ഥാനത്തിൽ
18. സംരംഭകരുടെ അഭിരുചികൾക്കനുസരിച്ച് വിജയസാദ്ധ്യതയുള്ള പദ്ധതിയുടെ ആവിഷ്ക്കാരത്തിനുള്ള സഹായം നൽകുന്നു,
19. പദ്ധതിക്കാവശ്യമായ മൂലധനം ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കാനുള്ള സഹായം
20. ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും വിപണന സൗകര്യം
21. വ്യാവസായിക ക്ലസ്റ്റർ രൂപീകരണം, അസംസ്കൃതവസ്തു സംരംഭിക്കുവാനുള്ള പദ്ധതി, പൊതുവിപണന സമ്പ്രദായം

ചെറുകിട വ്യവസായ പാർക്കുകളിൽ വ്യവസായം ആരംഭിക്കാൻ ഉദ്ദേശിക്കുന്നവർക്ക് അടിസ്ഥാന സൗകര്യങ്ങൾ, ഏകജാലക ക്ലിയറൻസ് സംവിധാനം, സ്റ്റാമ്പ് ഡ്യൂട്ടി രജിസ്ട്രേഷൻ ഫീസ് ഇളവുകൾ

# ഭക്ഷ്യ സാധനങ്ങളിൽ മായം ചേർക്കൽ

97 ശ്രീ. അടൂർ പ്രകാശ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ഒരു മൊബൈൽ വിജിലൻസ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഈ സ്ക്വാഡിന്റെ പ്രവർത്തനമെന്തെന്നു വിശദീകരിക്കുമോ;

(സി) ഭക്ഷ്യ സാധനങ്ങളിൽ മായം ചേർക്കുന്നതിനെപ്പറ്റി ഈ സ്ക്വാഡ് സർവ്വേ നടത്തിയിട്ടുണ്ടോ;

(ഡി) ഭക്ഷ്യസാധനങ്ങളിൽ അനുവദനീയമല്ലാത്ത കളറുകൾ ചേർക്കുന്നതായി ഈ സ്ക്വാഡ് കണ്ടെത്തിയിട്ടുണ്ടോ;

(ഇ) ഭക്ഷ്യ സാധനങ്ങളിൽ മായം ചേർത്തതിന്റെ പേരിൽ ഈ സ്ക്വാഡ് എത്ര കേസ്സുകൾ 2005-2006 ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(എഫ്) മായം ചേർക്കലിൽ നിന്നും സംരക്ഷണം നൽകുവാൻ എന്തെല്ലാം നടപടികളാണെടുക്കുന്നത് എന്ന് വിശദമാക്കാമോ ?

**ഉത്തരം:- ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)**

(എ) ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കുന്നത് തടയുന്നതിനായി തിരുവനന്തപുരം, എറണാകുളം കോഴിക്കോട് എന്നിവിടങ്ങളിൽ 3 മൊബൈൽ വിജിലൻസ് സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) തിരുവനന്തപുരം മൊബൈൽ വിജിലൻസ് സ്ക്വാഡിന്റെ കീഴിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ആലപ്പുഴ എന്നീ ജില്ലകളും, എറണാകുളം മൊബൈൽ വിജിലൻസ് സ്ക്വാഡിന്റെ കീഴിൽ കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലകളും, കോഴിക്കോട് മൊബൈൽ വിജിലൻസ് സ്ക്വാഡിന്റെ കീഴിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളുമാണ് അധികാര പരിധികളായി നിശ്ചയിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിൻമേലും, അല്ലാതെയും യഥാസമയം അന്വേഷണം നടത്തി സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്കായി അയയ്ക്കുക. പരിശോധിച്ച് കിട്ടുന്ന റിപ്പോർട്ടിൻമേൽ നിയമനടപടികൾ സ്വീകരിക്കുക തുടങ്ങിയവയാണ് ഈ സ്ക്വാഡിന്റെ പ്രധാന പ്രവർത്തനങ്ങൾ

(സി) പഴങ്ങളിലും, പച്ചക്കറികളിലും കീടനാശിനികൾ ഉണ്ടോയെന്നറിയുന്നതിനായി നടത്തിയ സർവേയിൽ സർക്കിൾ ഫുഡ് ഇൻസ്പെക്ടർമാർക്കൊപ്പം മൊബൈൽ വിജിലൻസ് സ്ക്വാഡും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി അയച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) 2005-06 ൽ 29 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(എഫ്) കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുക, പൊതുജനങ്ങളേയും, വിൽപനക്കാരേയും മായം ചേർക്കലിന്റെ ഭവിഷ്യത്തുകളെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുന്നതിനായി ജില്ലകൾതോറും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## നിരാലംബരായ കുട്ടികളെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും പദ്ധതി

98 ശ്രീ.സി.കെ.പി. പത്മനാഭൻ
ശ്രീ. സി.എച്ച്. കുഞ്ഞാംബു
ശ്രീ. ബി.ഡി. ദേവസ്സി
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ.പി. പി. അബ്ദുളളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) നിരാലാംബരായ കുട്ടികളെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും പദ്ധതി ആവിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) എല്ലാ ജില്ലകളിലും ബാല്യാവകാശ ബോർഡുകളും ബാലക്ഷേമ കൗൺസിലുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ജൂവനൈൽ ഹോമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം:- ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)**

(എ) നിരാലംബരായ കുട്ടികളെ സംരക്ഷിക്കുന്നതിനും, പുനരധിവസിപ്പിക്കുന്നതിനും നിലവിൽ ആറു ചിൽഡ്രൻസ് ഹോമുകൾ/(ജുവനൈൽ ഹോമുകൾ) സാമൂഹ്യ ക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ജുവനൈൽ ജസ്ററീസ് ആക്ട് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻസ് ആക്ട് 2000) പ്രകാരം നിരാലംബരായ കുട്ടികളെ ചൈൽഡ് വെൽഫയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കുവാൻ പോലീസ് ഉദ്യോഗസ്ഥനും, സർക്കാർ ഉദ്യോഗസ്ഥനും ചൈൽഡ് ലൈനിനും അംഗീകൃത സാമൂഹ്യ പ്രവർത്തകർക്കും അധികാരം നൽകിയിട്ടുണ്ട്. കൂടാതെ കുട്ടിക്ക് സ്വമേധയാ പ്രസ്തുത കമ്മിറ്റി മുമ്പാകെ ഹാജരാകുകയും ചെയ്യാം.

ജുവനൈൽ /ചിൽഡ്രൻസ് ഹോമുകളിൽ പ്രവേശിപ്പിക്കപ്പെടുന്ന കുട്ടികളുടെ ഭക്ഷണം, വസ്ത്രം, തുടങ്ങിയ എല്ലാ കാര്യങ്ങൾക്കുമുള്ള ചെലവുകൾ സർക്കാർ വഹിക്കുന്നുണ്ട്. സംസ്ഥാനത്ത് ആൺകുട്ടികളെ പാർപ്പിക്കുന്നതിനായി അഞ്ച് ജുവനൈൽ ഹോമുകളും പെൺകുട്ടികൾക്ക് മാത്രമായി ഒരു ജുവനൈൽ /ചിൽഡ്രൻസ് ഹോമും പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ പ്രവർത്തിച്ചുവരുന്ന ബാലസദനത്തെ ഒരു/ചിൽഡ്രൻസ് ഹോം ആയി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. മിടുക്കരായ കുട്ടികളെ തിരഞ്ഞെടുത്ത് റസിഡൻഷ്യൽ സ്ക്കൂളുകളിൽ ചേർത്ത് പഠിപ്പിക്കുന്നുണ്ട്. ഈ സ്ഥാപനത്തിൽ നിന്നും എസ്.എസ്.എൽ.സി. വിജയിച്ച കുട്ടികൾക്ക് ഉപരിപഠനം നടത്തുന്നതിനുള്ള സകല ചെലവുകളും സർക്കാർ വഹിക്കുന്നുണ്ട്. സ്ഥാപനത്തിൽനിന്നും വിടുതൽ ചെയ്ത കുട്ടികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ധനസഹായമായി 10,000/- രൂപ നൽകുവാനുള്ള പദ്ധതിയും നിലവിലുണ്ട്. ഇതു കൂടാതെ സർക്കാർ ഗ്രാന്റ് നൽകുന്ന ഓർഫനേജുകളിലൂടെയും കുട്ടികൾക്ക് സംരക്ഷണം നൽകുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ഇടുക്കി, തൃശൂർ, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ബാല നീതി ബോർഡുകളും ഇടുക്കി, തൃശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ബാലക്ഷേമ കൗൺസിലുകളും (ചൈൽഡ് വെൽഫയർ കമ്മിറ്റി) നിലവിൽ രൂപീകരിച്ചിട്ടുണ്ട്. മററു ജില്ലകളിൽ ജുവ. ജസ്ററീസ് ബോർഡുകളും ചൈൽഡ് വെൽഫയർ കമ്മിറ്റികളും രൂപീകരിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ജുവനൈൽ ഹോം/ചിൽഡ്രൻസ് ഹോമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അന്തേവാസികളുടെ ഡയറ്റ് സ്കെയിൽ/മെനു പരിഷ്ക്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. കുട്ടികളുടെ കലാകായിക, ശാരീരിക, മാനസിക വികസനത്തിന് ഉതകുന്ന പരിപാടികൾ സ്ഥാപന അടിസ്ഥാനത്തിലും സംസ്ഥാന അടിസ്ഥാനത്തിലും നടത്തിവരുന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ സ്റ്റേറ്റ് ജുവനൈൽ ഫെസ്റ്റുകളും, സ്റ്റേറ്റ് ലവൽ ബാല സഭ ലീഡർഷിപ്പു ക്യാമ്പുകളും, കഴിഞ്ഞ വർഷം സംസ്ഥാന അടിസ്ഥാനത്തിൽ സാഹിത്യക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്. ഇത്തരം പരിപാടികൾ തുടർന്നും നടത്തുന്നതാണ്.

## ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ ആശുപത്രി

99 ശ്രീ. കെ. എം. മാണി
,, റോഷി അഗസ്റ്റിൻ
,, ജോസഫ് എം. പുതുശ്ശേരി
,, തോമസ്ചാഴികാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ ആശുപത്രി എന്ന പദ്ധതികൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മാതൃക ആശുപത്രികളിൽ എന്തൊക്കെ ചികിത്സാ സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിക്ക് സംസ്ഥാന സർക്കാർ എത്ര തുക വകയിരുത്തുവാനാണ് ഉദ്ദേശിക്കുന്നത്?

**ഉത്തരം:- ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)**

(എ) & (ബി) നിലവിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ലഭ്യമല്ലാത്ത ഇൻഡ്യൻ പബ്ലിക് ഹെൽത്ത് സ്ററാൻഡേർഡ്സ് പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ പുതുതായി ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ വഴി ലഭ്യമാകുന്ന 20 ലക്ഷം രൂപ വീതം ഓരോ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനും വേണ്ടി ചെലവഴിച്ച മാതൃകാ ആശുപത്രിയായി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്.

## ബീഡി വ്യവസായ മേഖലയുടെ തകർച്ച

100 ശ്രീ. എ. പ്രദീപ് കുമാർ
ശ്രീ.പി. ജയരാജൻ
ശ്രീ.എം. പ്രകാശൻ മാസ്റ്റർ
ശ്രീ.കെ. കുഞ്ഞിരാമൻ
ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വ്യവസായ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) പരംമ്പരാഗത ബീഡി വ്യവസായ മേഖലയിലെ തകർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ മേഖലയുടെ പുനരുദ്ധാരണത്തിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(സി) ബീഡി വ്യവസായ മേഖലയെ പുനരുദ്ധരിക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ;

(ഡി) തകർച്ച നേരിടുന്ന ദിനേശ് ബീഡി സഹകരണ സംഘത്തെ രക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുമോ;: എങ്കിൽ വിശദാംശം നൽകുമോ ?

**ഉത്തരം:- ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പു മന്ത്രി)**

(എ) ഉണ്ട്.

(ബി) & (സി) ബീഡി വ്യവസായ രംഗത്തെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ടു നൽകുന്നതിനായി വ്യവസായ-വാണിജ്യ ഡയറക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും, അതിൻപ്രകാരം തയ്യാറാക്കിയ ഒരു റിപ്പോർട്ട് കമ്മിറ്റി സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ച് ബീഡി വ്യവസായ മേഖല പുനരുദ്ധരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഡി) ദിനേശ് ബീഡി സഹകരണസംഘം പുന:സംഘടിപ്പിക്കുന്നതിനും പുന:രുദ്ധരിക്കുന്നതിനും ഒരു പ്രത്യേക പാക്കേജിന് രൂപ നൽകുന്നതാണെന്ന് 16..6..2006 ന് നിയമ സഭയിൽ ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമാക്കിയിരുന്നു. ഇതിന്റെ വിശദാംശങ്ങൾ തയ്യാറാക്കിവരുന്നു.

## മലിനീകരണ നിയന്ത്രണ ചട്ടങ്ങൾ

101 ശ്രീ. വി.എസ്. സുനിൽ കുമാർ
,, എൻ. രാജൻ
,, രാജാജി മാത്യൂ തോമസ്
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലിനീകരണ നിയന്ത്രണ ചട്ടങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്നു പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ആധുനിക രീതിയിലുള്ള മലിനീകരണ നിയന്ത്രണങ്ങൾ നിയമവിധേയമായി ഏർപ്പെടുത്തുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മലിനീകരണനിയന്ത്രണ നിയമങ്ങൾ പാലിക്കപ്പെടാത്തതിന്റെ പേരിൽ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ എത്ര കേസുകൾ എടുത്തിട്ടുണ്ട്; ഈ കേസുകളിൽന്മേൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്നുവെന്നും വ്യക്തമാക്കുമോ?

**ഉത്തരം:- ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)**

(എ) സംസ്ഥാനത്ത് മലിനീകരണ നിയന്ത്രണ ചട്ടങ്ങൾ നടപ്പിലാക്കേണ്ട ചുമതല സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനാണ്. ഇതിനായി എല്ലാ ജില്ലകളിലും ജില്ലാ ഓഫീസുകളിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ ഓഫീസുകളും, എറണാകുളം ഏലൂരിൽ എൻവയോൺമെന്റൽ സർവയലൻസ് സെന്ററുമുണ്ട്, ബോർഡ് ജല, വായു നിയമങ്ങൾ കൂടാതെ പരിസ്ഥിതി സംരക്ഷണ ചട്ടങ്ങളും നടപ്പിലാക്കി വരുന്നു. വ്യവസായങ്ങളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നുമുള്ള മലിനീകരണം തടയാൻ സ്ഥാപനാനുമതി പത്രവും, പ്രവർത്തനത്തിന് നിബന്ധനകളോടുകൂടിയ പ്രവർത്തനാനുമതിപത്രവും നൽകുന്നു. കൂടാതെ ജില്ലാ ആഫീസുകളിൽ നിന്നും വ്യവസായ സ്ഥാപനങ്ങൾ സന്ദർശിച്ച് പ്രവർത്തനാനുമതി പത്രത്തിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുകയും ഇല്ലാത്തവർക്ക് വേണ്ട നിർദ്ദേശം നൽകുകയും, ലംഘനം നടത്തുന്നവർക്കെതിരെ അടച്ചുപൂട്ടൽ തുടങ്ങിയ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു.

(ബി) മലിനീകരണം തടയാൻ പര്യാപ്തമായ ആധുനിക രീതിയിലുള്ള മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ വ്യവസായശാലകളിലും മറ്റ് സ്ഥാപനങ്ങളിലും ഏർപ്പെടുത്തുന്നത് ബോർഡ് പ്രോത്സാഹിപ്പിച്ചുവരുന്നു. ഇതിലേയ്ക്ക് നിർദ്ദേശങ്ങൾ നൽകുന്നതിന് പുറമെ അവയ്ക്ക് നികുതിയിളവ് ലഭ്യമാക്കാനും ബോർഡ് സഹായിക്കുന്നു.

(സി) കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ജല നിയമ പ്രകാരം 5 കേസുകളും വായു നിയമപ്രകാരം ഒരു കേസും ബോർഡ് ഫയൽ ചെയ്തിട്ടുണ്ട്. ഇവയിൽ ഒന്നും തന്നെ തീർപ്പായിട്ടില്ല. കേസുകളുടെ അന്തിമ വിധി വരാൻ കാലതാമസം നേരിടുന്നതുകൊണ്ട് അടച്ചുപൂട്ടൽ, വിദ്യുച്ഛക്തി, വെള്ളം തുടങ്ങിയവ നിഷേധിക്കൽ തുടങ്ങിയ നടപടികളാണ് നിയമലംഘനം നടത്തുന്ന സ്ഥാപനങ്ങളുടെമേൽ ബോർഡ് കൈക്കൊണ്ടുവരുന്നത്.

# കിണറുകളിലെ ജലനിരപ്പ് സംബന്ധിച്ച പഠനം

102 ശ്രീ. എ.കെ. ചന്ദ്രൻ
,, മാങ്കോട് രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കിണറുകളിലെ ജലനിരപ്പ് കുറഞ്ഞു വരുന്നതായി പഠന റിപ്പോർട്ടുകൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം കുറവു വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്;

(ബി) ഭൂഗർഭജല വകുപ്പിന്റെ ഹൈഡ്രോളജി പ്രോജക്ട് പ്രകാരം 1992 മുതൽ 2005 വരെ നടത്തിയ പഠനത്തിൽ കണ്ടെത്തിയ വിവരങ്ങൾ എന്തെല്ലാമാണെന്നു വെളിപ്പെടുത്തുമോ;

(സി) ജലനിരപ്പിൽ വ്യതിയാനം ഉണ്ടാകാനുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്നാണ് പഠന റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) അമിതമായ ജല ചൂഷണം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ?

**ഉത്തരം:- ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ**
**(ജലവിഭവ വകുപ്പു മന്ത്രി)**

(എ) 433 പരീക്ഷണ കിണറുകളിൽ (തുറന്ന കിണറുകൾ) 99 എണ്ണവും (23%), 414 പരീക്ഷണ കുഴൽ കിണറുകളിൽ 84 എണ്ണത്തിലും (20%) ജല നിരപ്പ് കുറയുന്നതായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്.

(ബി) 1992 മുതൽ 2005 വരെയുള്ള കാലയളവിൽ ഭൂജല വകുപ്പ് നടപ്പിലാക്കുന്ന ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്ത് 433 സാധാരണ തുറന്ന കിണറുകളും 414 കുഴൽ കിണറുകളും നിരീക്ഷണ വിധേയമാക്കി. ഒരു വർഷം 5 സെ.മീ. എന്ന തോതിൽ ജലനിരപ്പ് കുറയുന്ന തുറന്ന കിണറുകളെയും വർഷം 10 സെ.മീ. ജലനിരപ്പ് കുറയുന്ന കുഴൽ കിണറുകളെയുമാണ് ജലനിരപ്പ് കുറയുന്ന കുഴൽ കിണറുകളായി സാധാരണ കണക്കാക്കുന്നത്. ഇതു പ്രകാരം 23% സാധാരണ കിണറുകളും, 20% കുഴൽ കിണറുകളും ജലനിരപ്പ് താഴുന്നവയായി കണ്ടെത്തി.

(സി) ജനസംഖ്യാവർദ്ധനവ്, കൃഷി, വ്യവസായം എന്നിവയുടെ ആധുനികവൽക്കരണം, ഭൂജല സ്രോതസ്സുകളുടെ മറ്റുവിധ ഉപഭോഗ വർദ്ധനവ്, നഗരവൽക്കരണം, അശാസ്ത്രീയവും അനിയന്ത്രിതവുമായ മണൽ വാരൽ, കുളങ്ങൾ, തടാകങ്ങൾ എന്നിവ നികത്തൽ മുതലായവയാണ് ജല നിരപ്പിൽ വ്യതിയാനമുണ്ടാകാനുള്ള പ്രധാന കാരണങ്ങളെന്നാണ് പഠന റിപ്പോർട്ട് വ്യക്തമാക്കുന്നത്.

(ഡി) സംസ്ഥാനത്തെ അമിതമായ ഭൂജല ചൂഷണം തടയുന്നതിന്, കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002, സംസ്ഥാനത്ത് നിലവിലുണ്ട്. ജലത്തിന്റെ ചൂഷണം, ഉപയോഗം എന്നിവ ശാസ്ത്രീയമായി ക്രമീകരിക്കുന്നതിന് ഇതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## ലോഹമണൽ ലഭ്യമായിട്ടുള്ള തീരപ്രദേശങ്ങൾ

103 ശ്രീ. കെ. സി. വേണുഗോപാൽ
,, കെ. അച്ചുതൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരപ്രദേശങ്ങളിൽ എവിടെയെല്ലാമാണ് ലോഹമണൽ കണ്ടു വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ നിന്ന് ഇപ്പോൾ ആരെല്ലാം ലോഹമണൽ ഖനനം ചെയ്യുന്നുവെന്ന് വിശദമാക്കാമോ;

(സി) സ്വകാര്യ വ്യക്തികൾക്ക് ലോഹമണൽ ഖനനം ചെയ്യാനുള്ള അവകാശം കൊടുക്കാൻ ഉദ്ദേശ്യമുണ്ടോ?

**ഉത്തരം:- ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പു മന്ത്രി)**

(എ) കൊല്ലം ജില്ലയിലെ നീണ്ടകര മുതൽ ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി വരെയുള്ള തീരപ്രദേശത്ത് ലോഹമണൽ നിക്ഷേപം കണ്ടുവരുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ അറ്റോമിക് എനർജി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ കമ്പനിയായ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ്, സംസ്ഥാന സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ കേരളാ മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് എന്നീ കമ്പനികളാണ് കൊല്ലം മേഖലയിൽ നിന്നും കരിമണൽ ഖനനം നടത്തുന്നത്.

(സി) 22-10-2002-ലെ സ.ഉ.(എം.എസ്.)101/02/ഐ.ഡി., 30-11-2002-ലെ സ.ഉ.(എം.എസ്.)129/02/ഐ.ഡി. എന്നീ ഉത്തരവുകൾ പ്രകാരം നിബന്ധനകൾക്ക് വിധേയമായി സംസ്ഥാനത്തിനകത്ത് സംയുക്ത സംരംഭകർക്ക് മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനായി ഖനനാനുമതി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ മാറ്റം വരുത്തുന്ന കാര്യം ഇതുവരെ സർക്കാർ പരിശോധിച്ചിട്ടില്ല.

## സർക്കാർ ആശുപത്രികളിലെ മരുന്നു ദൗർലഭ്യം

104 ശ്രീ. പി. ജയരാജൻ
,, കെ. കെ. ജയചന്ദ്രൻ
,, ആനത്തലവട്ടം ആനന്ദൻ
,, എം. ഹംസ
,, എം. ജെ. ജേക്കബ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും സാമൂഹ്യക്ഷേമവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ മരുന്നുകൾക്ക് ദൗർലഭ്യം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) മഴക്കാല രോഗങ്ങൾ തടയുന്നതിനായി കടലോര പ്രദേശങ്ങളിലും, ആദിവാസി മേഖലകളിലുമുള്ള ആശുപത്രികളിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ?

**ഉത്തരം:– ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)**

(എ) മെഡിക്കൽ കോളേജാശുപത്രികളിൽ മരുന്നുകളുടെ ദൗർലഭ്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മറ്റ് ആശുപത്രികളിൽ പ്രധാനപ്പെട്ട എല്ലാ മരുന്നുകളും ലഭ്യമാണെങ്കിലും പേ വിഷ ബാധയ്ക്കുള്ള മരുന്നിന് ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ അത്യാവശ്യ മരുന്നുകൾ ലഭ്യമല്ലെങ്കിൽ ആശുപത്രി വികസന സമിതിയുടെ ഫണ്ട് ഉപയോഗിച്ചോ ലോക്കൽ പർച്ചേസ് മുഖേനയോ വാങ്ങി ലഭ്യത ഉറപ്പു വരുത്തണമെന്ന് എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മഴക്കാല രോഗങ്ങൾ തടയുന്നതിനായി കടലോര പ്രദേശങ്ങളിലും ആദിവാസി മേഖലകളിലുമുള്ള ആശുപത്രികളിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി

105 ശ്രീ. കോവൂർ കുഞ്ഞുമോൻ
,, എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വ്യവസായ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി ഇപ്പോൾ എത്ര വ്യവസായ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നുണ്ട്;

(ബി) അവ ഏതെല്ലാമെന്നും എത്ര കാലമായി പൂട്ടിക്കിടക്കുകയാണെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം:– ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പു മന്ത്രി)**

(എ) വ്യവസായ വകുപ്പിനു കീഴിൽ പൊതുമേഖലയിൽ 16 വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനരഹിതമാണ്. (ഇതിൽ ഒരെണ്ണം - കേരളാ സ്പെഷ്യൽ റിഫ്രാക്ടറീസ് പ്രവർത്തനം ആരംഭിച്ചിട്ടേ ഇല്ല.) സ്വകാര്യമേഖലയിൽ കെ.എസ്.ഐ.ഡി.സി.-യുടെ പരിധിയിലുള്ള 38 വ്യവസായശാലകൾ പൂട്ടിക്കിടപ്പുണ്ട്. സംസ്ഥാന പ്ലാനിംഗ് ബോർഡ് പ്രസിദ്ധീകരിച്ചിട്ടുള്ള 2005-ലെ Economic Review പ്രകാരം 31-3-2005-വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള 280584 ചെറുകിട വ്യവസായ യൂണിറ്റുകളിൽ 133596 എണ്ണം പൂട്ടിക്കിടക്കുകയാണ് എന്നു കാണുന്നു.

(ബി) ചാലക്കുടി റിഫ്രാക്ടറീസ് ലിമിറ്റഡ് 1992 മുതലും കേരള സ്പെഷ്യൽ റിഫ്രാക്ടറീസ് 2000-ൽ അതിന്റെ തുടക്കം മുതലും കെൽട്രോൺ പവർ ഡിവൈസ്, സിഡ്കൽ ടെലിവിഷൻ ലിമിറ്റഡ് എന്നിവ 2001 മുതലും പൊതുമേഖലയിലായിരുന്ന കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്/ട്രിവാൻട്രം സ്പിന്നിംഗ് മിൽസ് എന്നിവ 2002 മുതലും കേരള കൺസ്ട്രക്ഷൻ കംപോണന്റ്സ് ലിമിറ്റഡ്, മെട്രോപൊളിറ്റൻ എൻജിനീയറിംഗ് കമ്പനി, കെൽട്രോൺ റെക്ടിഫയേഴ്സ് ലിമിറ്റഡ് എന്നിവ 2003 മുതലും ആസ്ട്രൽ വാച്ചസ്, കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നിവ 2002 മുതലും, മന്നം ഷുഗർ മിൽസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് 1997 മുതലും, കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ് 2003 മുതലും പ്രവർത്തന രഹിതമാണ്. സ്വകാര്യമേഖലയിൽ കെ.എസ്.ഐ.ഡി.സി.-യുടെ പരിധിയിൽ വരുന്ന പൂട്ടിയ വ്യവസായശാലകളെ സംബന്ധിച്ച വിവരം അനുബന്ധമായി നൽകിയിട്ടുണ്ട്. (അനുബന്ധം നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.)

(സി) ലാഭകരമായി നടത്തിക്കൊണ്ടു പോകാൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ വായ്പകളുടെ പുനഃക്രമീകരണം, വളരെ അത്യാവശ്യമായ Capital upgradation, manpower rationalization/redeployment സമാന സ്വഭാവമുള്ള സ്ഥാപനങ്ങളുടെ ഏകീകരണം എന്നീ നടപടികളിലൂടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. സ്വകാര്യമേഖലയിലെ ചെറുകിട, ഇടത്തരം വ്യവസായങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച് ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച ചെയ്യുവാനും മറ്റുമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതാണ്.

## കരിമണൽ ഖനനത്തിന്റെ സാദ്ധ്യതയെക്കുറിച്ച് പഠനം നടത്തുവാൻ നടപടി

106 പ്രൊഫ. എൻ. ജയരാജ്
ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനനത്തിന്റെ സാദ്ധ്യതയെക്കുറിച്ച് പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

**ഉത്തരം:- ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പു മന്ത്രി)**

(എ) & (ബി) കേരളത്തിന്റെ തീരപ്രദേശങ്ങളിൽ കരിമണൽ ഖനനത്തിന്റെ സാദ്ധ്യതയെക്കുറിച്ച് കേന്ദ്ര സർക്കാർ സ്ഥാപനമായ അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് പഠനം നടത്തിയിട്ടുണ്ട്. പുതിയ പഠനത്തെക്കുറിച്ച് തീരുമാനിച്ചിട്ടില്ല.

## മാതൃകാ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ

107 ശ്രീ.എ.എ. അസീസ്
ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) എല്ലാ നിയോജക മണ്ഡലങ്ങളിലും ഓരോ മാതൃകാ കമ്മ്യൂണിറ്റി ഹെൽത്തു് സെന്റർ ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ഐ.പി.യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നതും കിടക്കകൾ ഉള്ളതുമായ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ പലതും നിറുത്തലാക്കി ഒ.പി. യൂണിറ്റുകൾ മാത്രമാക്കി പ്രവർത്തിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത്തരം സെന്ററുകൾ ഐ.പി. യൂണിറ്റുകൾ ആക്കി മാറ്റാനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത ആശുപത്രികളിൽ ഒഴിവുള്ള ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ നികത്തി അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി കൈക്കൊള്ളുമോ ?

**ഉത്തരം:– ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)**

(എ) തല്ക്കാലം ഉദ്ദേശമില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പുതുതായി അധിക തസ്തികകൾ സൃഷ്ടിച്ചും പോരായ്മ പരിഹരിച്ചും മാത്രമേ ഐ.പി. യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുകയുള്ളൂ.

(ഡി) ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## തീരപ്രദേശങ്ങളിലെ കരിമണൽ ഖനനം

108 ശ്രീ. കെ.ബി.ഗണേഷ്കുമാർ
,, തോമസ് ചാണ്ടി
,, കെ.കെ.ഷാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വ്യവസായ വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ കരിമണൽ ഖനനത്തിന് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കരിമണൽ ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായങ്ങളോടുള്ള സർക്കാരിന്റെ സമീപനം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിലെ ധാതുമണൽ സമ്പത്ത് വ്യവസായവൽക്കരണത്തിന് എങ്ങനെ പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്നു വിശദമാക്കുമോ?

**ഉത്തരം:- ശ്രീ. എളമരം കരീം**
**(വ്യവസായ വകുപ്പു മന്ത്രി)**

(എ) തീരപ്രദേശങ്ങളിൽ കരിമണൽ ഖനനം കുറെകാലമായി നടന്നുവരുന്നുണ്ട്. പുതുതായി ഖനനത്തിന്ന് ആർക്കും അനുമതി നൽകുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

(ബി) കേന്ദ്ര സർക്കാരിന്റെ ദേശീയ ആണവ ധാതുനയത്തിനനുസൃതമായി കരിമണൽ മേഖലയിൽ വ്യാവസായിക നിക്ഷേപം പ്രോത്സാഹിപ്പിക്കുക എന്ന നയത്തിന്റെ അടിസ്ഥാനത്തിൽ 22-10-2002-ലെ ജി.ഒ.(എം.എസ്)101/02/വ്യവ. നമ്പരായ ഉത്തരവ് പ്രകാരം കരിമണൽ ശേഖരണ നയം രൂപീകരിക്കുകയും 30-11-2002-ലെ ജി.ഒ.(എം.എസ്.)129/02/വ്യവ. ഉത്തരവ് പ്രകാരം ചില വിശദീകരണങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. ഈ ഉത്തരവിൽ സംസ്ഥാനത്തിനകത്ത് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന സംയുക്ത സംരംഭങ്ങളിലുള്ള ഫാക്ടറികൾക്കു മാത്രം ശേഖരണാനുമതി നൽകാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) ധാതുമണലിൽ ഉള്ള പ്രധാന ഘടകമായ ഇൽമനൈറ്റ് ഉപയോഗിച്ച് വെളുത്ത പിഗ്മെന്റ് ആയ ടൈറ്റാനിയം ഡയോക്സൈഡ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ട്. കൂടാതെ രാജ്യത്ത് ആദ്യമായി ടൈറ്റാനിയം സ്പോഞ്ച് പ്ലാന്റ് സ്ഥാപിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ സിന്തറ്റിക് റൂട്ടൈയിൽ വേർതിരിച്ച് കയറ്റുമതി ചെയ്യുന്നുണ്ട്. ധാതുമണലിലെ മറ്റു ഘടകങ്ങളായ സിർക്കൺ ആണവ റിയാക്ടറുകൾക്കും മോണോസൈറ്റ് ആണവ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നുണ്ട്. മറ്റൊരു ഘടകമായ സിലിമനൈറ്റ്, വെൽഡിംഗ് റോഡ്, റിഫ്രാക്ടറി ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നു. ഇതിൽ ആണവ ഉൽപ്പന്നങ്ങൾ കേന്ദ്ര സർക്കാർ മാത്രം കൈകാര്യം ചെയ്യുന്ന വിഷയമാകയാൽ മറ്റു ഘടകങ്ങൾ ഉപയോഗിച്ചുള്ള വ്യവസായവൽക്കരണം നടത്താനാണ് സർക്കാരിന്റെ നയം.

## ട്രോളിംഗ് നിരോധന കാലത്ത് പുറങ്കടലിലെ മത്സ്യബന്ധനം

109 ശ്രീ.കെ..സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും രജിസ്ട്രേഷനും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മൺസൂൺകാലത്ത് എന്നുമുതൽ എന്നുവരെയാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയത് ;

(ബി) ട്രോളിംഗ് നിരോധനം സംബന്ധിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെയും മത്സ്യബന്ധന ബോട്ടുടമകളുടെയും അഭിപ്രായം ആരാഞ്ഞിരുന്നോ; വ്യക്തമാക്കുമോ ;

(സി) ട്രോളിംഗ് നിരോധന കാലത്ത് വലിയ വള്ളങ്ങളിൽ എൻജിൻഫിറ്റുചെയ്ത് മത്സ്യബന്ധനം നടത്താറുണ്ടോ; എങ്കിൽ ഇത് അനുവദനീയമാണോ;

(ഡി) ട്രോളിംഗ് നിരോധന കാലത്ത് കേരളത്തിന്റെ പുറംകടലിൽ മറ്റുസംസ്ഥാനങ്ങളിൽ നിന്നുളള ബോട്ടുകളും ട്രോളറുകളും വിദേശ മത്സ്യബന്ധന കപ്പലുകളും മത്സ്യബന്ധനം നടത്താറുണ്ടോ;

(ഇ) സംസ്ഥാനത്തിന്റെ തീര പ്രദേശത്ത് ട്രോളിംഗ്നിരോധനം ഏർപ്പെടുത്തുന്നതുകൊണ്ടുളള പ്രയോജനമെന്തെന്ന് വിശദീകരിക്കുമോ?

**ഉത്തരം:– ശ്രീ. എസ്. ശർമ്മ**
**(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)**

(എ) ജൂൺ 15 മുതൽ ജൂലൈ 29 വരെ

(ബി) ഇതു സംബന്ധിച്ച് ഇരുവിഭാഗങ്ങളുടെയും പ്രതിനിധികളുമായി 29–5–2006–ൽ ചർച്ച നടത്തിയിരുന്നു.

(സി) ഉണ്ട്. എന്നാൽ ഇത്തരം വള്ളങ്ങളിൽ ടോൾ വലകൾ ഉപയോഗിക്കുന്നതിന് അനുവാദമില്ല.

(ഡി) സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

(ഇ) 1988–ൽ സർക്കാർ നിയോഗിച്ച ബാലകൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിരുന്നത്. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുകയും ആവാസ വ്യവസ്ഥ സംരക്ഷിക്കുകയുമാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിരുന്നത്. കാലവർഷക്കാലത്ത് മത്സ്യത്തൊഴിലാളികളുടെ ജീവൻ സുരക്ഷയും പ്രധാനമാണ്. ട്രോളിംഗ് നിരോധനത്തിന്റെ പാർശ്വഫലങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുവാൻ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.

## ജപ്പാൻ കുടിവെള്ള പദ്ധതി

110 ശ്രീ. പി.സി.ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി കേരളത്തിന് നഷ്ടപ്പെടാൻ പോകുന്നുവെന്ന മാദ്ധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വിശദമാക്കാമോ;

(സി) കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

**ഉത്തരം:– ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ**
**(ജലവിഭവ വകുപ്പു മന്ത്രി)**

(എ) ഉണ്ട്.

(ബി) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ തിരുവനന്തപുരം, കോഴിക്കോട് പദ്ധതികളുടെ റീഹാബിലിറ്റേഷൻ ഒഴികെയുള്ള എല്ലാ പ്രധാന പ്രവൃത്തികളുടെയും ടെൻഡർ നടപടികൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഇവയിൽ തിരുവനന്തപുരം, മീനാട്, കോഴിക്കോട്, പട്ടുവം പദ്ധതികളുടെ രണ്ടാമത്തെ പാക്കേജിനുള്ള (ട്രാൻസ്മിഷൻ പൈപ്പ് ലൈൻ) കരാർ നൽകിയിട്ടുണ്ട്.

(സി) പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ള ശുദ്ധജല വിതരണ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തോടുകൂടി സംസ്ഥാനത്തെ കുടിവെള്ളക്ഷാമത്തിന് ഗണ്യമായ പരിഹാരം കാണാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇപ്പോൾ നിലവിലുള്ള പദ്ധതികൾ ഉപയോഗിച്ച് 67.52% അതായത് 62.24% ഗ്രാമീണ ജനതയ്ക്കും 82.59% നഗര വാസികൾക്കും കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. ശേഷിക്കുന്ന പ്രശ്നഗ്രാമങ്ങൾക്ക് പ്രത്യേക പദ്ധതി വിഭാവനം ചെയ്യുന്നതാണ്. ബാക്കിയുള്ളവർക്കുകൂടി ശുദ്ധജലം എത്തിക്കുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുമായി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ 83 ത്വരിത ഗ്രാമീണ പദ്ധതികൾ, 8 ത്വരിത നഗരപദ്ധതികൾ, 332 എൻ.സി./പി.സി. പദ്ധതികൾ, 9 ടെക്നോളജി മിഷൻ പദ്ധതികൾ, 14 മിനി വാട്ടർ സപ്ലൈ പദ്ധതികൾ, 206 സ്വജൽധാര പദ്ധതികൾ, എൽ.ഐ.സി./ഹഡ്കോ/ബാങ്ക് ലോൺ സഹായത്തോടെ 91 പദ്ധതികൾ, നബാർഡിന്റെ ലോൺ സഹായത്തോടെയുള്ള 8 പദ്ധതികൾ, ജെ.ബി.ഐ.സി. ധനസഹായത്തോടെ നടപ്പാക്കിവരുന്ന 5 സബ്പ്രോജക്ടുകൾ ഉൾപ്പെടുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ട്, 4 സുനാമി ദുരിതാശ്വാസ പദ്ധതികൾ, 14 സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ, ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന കേരള വാട്ടർ ആന്റ് സാനിട്ടേഷൻ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു.